"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് — 2025 ഏപ്രിൽ മാസത്തിൽ ഒരു മാസത്തെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്എഫ് സി-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3488/2025/FIN തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-
1. സ. ഉ. (എം.എസ്) നം.133/2022/ധന തീയതി: 29.07.2022
2. സ. ഉ. (സാധാ) നം.2964/2025/ധന തീയതി: 24.03.2025
3. ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്നും 07-04-2025 ൽ ലഭ്യമായ ഇ-മെയിൽ സന്ദേശം

**ഉത്തരവ്**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നല്കുന്ന ക്ഷേമനിധി ബോർഡുകളിലെ **6,11,398** ഗുണഭോക്താക്കൾക്ക് വിഷു പ്രമാണിച്ച് 2025 ഏപ്രിൽ മാസത്തിൽ ഒരു മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിനായി **96,27,94,700/-** രൂപ ആവശ്യമാണെന്ന് ഇൻഫർമേഷൻ കേരള മിഷൻ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 6,11,398 ഗുണഭോക്താക്കൾക്ക് 2025 ഏപ്രിൽ മാസത്തിൽ ഒരു മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിനായി **96,27,94,700/- രൂപ ( തൊണ്ണൂറ്റിയാറ് കോടി ഇരുപത്തിയേഴ ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി എഴുന്നൂറു രൂപ മാത്രം )**അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്/ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് പ്രത്യേകമായി നിർദേശം സമർപ്പിക്കേണ്ടതില്ല.

3 . ഒരു മാസത്തിലെ പെൻഷൻ (വാർദ്ധക്യകാല/ റിട്ടയർമെന്റ്) വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. അവശതാ/ കുടുംബ/ മറ്റ് പെൻഷൻ, കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് ഈ പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല. കഴിഞ്ഞ മാസത്തെ പെൻഷൻ തുകയിൽ വിതരണം ചെയ്യാത്ത തുക യഥാസമയം തിരിച്ചടച്ചിട്ടില്ലാത്ത പക്ഷം പരാമർശം (1) -ലെ ഉത്തരവ് പ്രകാരം നടപടി

സ്വീകരിക്കുന്നതായിരിക്കും.

4 . ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം 10/04/2025 മുതൽ ആരംഭിക്കേണ്ടതും 21/04/2025-നകം പൂർത്തിയാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത തുക 30/04/2025-നകം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 110110801000251 നമ്പർ (IFS Code KSBK0000101) അക്കൗണ്ടിൽ തിരിച്ചടയ്ക്കുന്നുവെന്ന് എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ്. കൂടാതെ, ഒരു ഗുണഭോക്താവ് ഒന്നിലധികം ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിൻറ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ധനകാര്യ(എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ല്യു.എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-3113017 /എസ്.എഫ്.സി.ബി3/28/2025/ധന)

ഉത്തരവിൻ പ്രകാരം
Signed by Mini B S
Date: 08-04-2025 15:20:32
സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ക്ഷേമനിധി ബോർഡ് | ഗുണഭോക്താക്കളുടെ എണ്ണം | ഒരു മാസത്തേക്ക് അനുവദിക്കേണ്ട തുക | അനുവദിക്കേണ്ട എസ്.റ്റി.എസ്.ബി/ബാങ്ക്, ഐ.എഫ്.എസ്.സി, അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 18113 | 28980800 | 799011400005224, ജില്ലാ ട്രഷറി, തിരുവനന്തപുരം |
| 2 | കർഷക പെൻഷൻ | 200045 | 320072000 | എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347 |
| 3 | മത്സ്യ തൊഴിലാളി | 52240 | 83584000 | സബ് ട്രഷറി, തൃശ്ശൂർ,Special TSB A/c No. 713021400000017 |
| 4 | ക്ഷീര കർഷക പെൻഷൻ * | 51418 | 66842700 | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 |
| 5 | ലോട്ടറി തൊഴിലാളി | 7617 | 12187200 | ഫെഡറൽ ബാങ്ക് , സ്റ്റാച്യു ശാഖ, FDRL0001030, 10300100427691 |
| 6 | കയർ തൊഴിലാളി | 76276 | 122041600 | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 |
| 7 | ഖാദി തൊഴിലാളി | 534 | 854400 | STSB:701011400000114 ജില്ലാ ട്രഷറി, തിരുവനന്തപുരം |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 12399 | 19838400 | ജില്ലാ ട്രഷറി, തിരുവനന്തപുരം. STSB-799011400007521 |
| 9 | ചുമട്ടു തൊഴിലാളി** | 5029 | 8041400 | KLGB0040537, 40537101007480 |
| 10 | ആഭരണ തൊഴിലാളി | 1218 | 1948800 | STSB: 799011400005233, ജില്ലാ ട്രഷറി, തിരുവനന്തപുരം |
| 11 | ചെറുകിട തോട്ടം തൊഴിലാളി | 975 | 1560000 | കാനറാ ബാങ്ക്, കോട്ടയം, CNRB0001523, 1523132000007 |
| 12 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 10145 | 16232000 | സബ് ട്രഷറി , അങ്കമാലി, 799011400007726 |
| 13 | ബീഡി & സിഗാർ തൊഴിലാളി*** | 3765 | 6021000 | കേരള ബാങ്ക് കണ്ണൂർ KSBK0000014, 014120123003026 |
| 14 | തയ്യൽ തൊഴിലാളി | 105444 | 168710400 | ഐ സി ഐ സി ഐ, പട്ടം, ICIC0001177, 117701000668 |
| | | | | |

| | | | | |
|---|---|---|---|---|
| 15 | കൈത്തറി തൊഴിലാളി | 8457 | 13531200 | A/C No. 173512801000592, കേരള ബാങ്ക്, മെയിൻ ബ്രാഞ്ച്, കണ്ണൂർ, KSBK0001735 |
| 16 | കശുവണ്ടി തൊഴിലാളി**** | 57723 | 92348800 | എസ് ബി ഐ ബീച്ച് റോഡ്, കൊല്ലം, SBIN0070279, 57005949949 |
| | **ആകെ** | **611398** | **962794700** | |

*** 51417 പേർക്ക് 1,300 രൂപ നിരക്കിലും ഒരാൾക്ക് 600 രൂപ നിരക്കിലും**

**** 5 പേർക്ക് 600 രൂപ നിരക്കിൽ**

***** 3 പേർക്ക് 600 രൂപ നിരക്കിൽ**

****** 8 പേർക്ക് 600 രൂപ നിരക്കിൽ**